FRIDAY 06/03/2026 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/03/2026

1. നവീകരിച്ച കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് സ്മാർട്ട് കൃഷിഭവന്റെ ഉദ്ഘാടനം ഇന്ന് (2026 മാർച്ച് 06) രാവിലെ 11.00 മണിക്ക് കുന്നത്തുനാട് എം. എൽ. എ അഡ്വ. പി. വി. ശ്രീനിജിന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള കാമ്പയിൻ ആരംഭിക്കുന്നു. 14 ജില്ലകളിലുമായി 4500 പഴവർഗ്ഗ പോഷകത്തോട്ട യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന കൃഷിവകുപ്പിന്റെ "പോഷക സമൃദ്ധി മിഷന്റെ ഭാഗമായി, ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന "രാഷ്ട്രീയ കൃഷിവികാസ് യോജന പഴവർഗ പോഷകതോട്ട പദ്ധതി"യിൽ ഉൾപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു സ്ഥാപനത്തിനു പരമാവധി 5 യൂണിറ്റുകൾ വരെ (50 സെന്റ്) അനുവദിക്കും. മാവ്, പ്ലാവ്, പപ്പായ, പേര, നെല്ലി, സപ്പോട്ട, റംബൂട്ടാൻ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പാഷൻ ഫ്രൂട്ട്, നാരകം, വെസ്റ്റ് ഇന്ത്യൻ ചെറി, തുടങ്ങി ഓരോ പ്രദേശത്തിനും അനുയോജ്യമായ പഴവർഗ ഇനങ്ങൾ പോഷകത്തോട്ടങ്ങളിൽ ഉൾപ്പെടുത്തും. ഇതിനാവശ്യമായി വരുന്ന പഴവർഗ തൈകൾ സൗജന്യമായി വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ ഹോർട്ടിക്കൾച്ചർ മിഷനുമായോ കൃഷിഭവനുകളുമായോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

3. റബ്ബർ ബോർഡിന്റെ കീഴിൽ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പിലുള്ള പരിശീലനം 2026 മാർച്ച് 09 മുതൽ 13 വരെയുള്ള തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ് രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിത കമിഴ്ത്തിവെട്ട്, ഇടവേള കൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള റബ്ബർകർഷകർക്കും തോട്ടം മേഖലയിൽ നിന്നുള്ളവർക്കും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷിക്കാം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446428554 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ training@rubberboard.org.in

## 4. കാർഷിക നിർദേശം

കുരുമുളക് വേരു പിടിപ്പിക്കുന്നതിനായി ചുറ്റിവച്ച കൊടിത്തലകൾ മുറിച്ചെടുത്ത് രണ്ടോ മൂന്നോ മുട്ടുകളുള്ള കഷ്ണങ്ങളാക്കിയതിനുശേഷം വേരുപിടിപ്പിക്കാൻ നടാവുന്നതാണ്. ചെന്തലകളുടെ നടുഭാഗമാണ് നടാൻ ഉപയോഗിക്കേണ്ടത്. പോട്ടിങ്ങ് മിശ്രിതത്തിൽ ട്രൈക്കോഡെർമ്മ, മൈക്കോറൈസ മുതലായ ജീവാണുക്കളുടെ കൾച്ചർ ചേർക്കുന്നത് തൈകൾ അഴുകി നശിക്കുന്നത് തടയും. പന്നിയൂർ 1,2,3,4,5,6,7, ശുഭകര, ശ്രീകര, കരിമുണ്ട, പഞ്ചമി, പൗർണമി, കൊറ്റനാടൻ, കുതിരവാലി, ബാലൻകൊട്ട, കല്ലുവള്ളി എന്നിവ കൂടുതൽ ഉൽപാദനം നൽകുന്ന ഇനങ്ങളാണ്. പന്നിയൂർ 6 തണലിലും, തുറസ്സായ സ്ഥലത്തും വളരുന്ന ഇനമാണ്. തിരികൾക്ക് നീളക്കൂടുതൽ ഉള്ള ഇനമാണ് പന്നിയൂർ 7. ഈ രണ്ടിനങ്ങളും എല്ലാവർഷവും നന്നായി കായ്ക്കുകയും ചെയ്യും.